"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്- നഗരകാര്യം- തദ്ദേശസ്വയംഭരണ(നഗരകാര്യം) ഡയറക്ടറുടെ ഓഫീസിൽ ക്ലർക്ക് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീമതി. സെർലിയ.വി.-യ്ക്ക് ശൂന്യവേതനാവധി അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇയു) വകുപ്പ്**

സ.ഉ.(സാധാ) നം.1080/2024/LSGD തീയതി,തിരുവനന്തപുരം, 19-06-2024

---

പരാമർശം:-
1. തദ്ദേശസ്വയംഭരണ(നഗരകാര്യം) ഡയറക്ടറുടെ 07.02.2023 തീയതിയിലെ DUA/6905/2022-E1 നമ്പർ കത്ത്.
2. തദ്ദേശസ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടറുടെ 06.04.2024 തീയതിയിലെ LSGD/PD/1587/2023/IE2 നമ്പർ കത്ത്.

**ഉത്തരവ്**

തദ്ദേശസ്വയംഭരണ(നഗരകാര്യം)വകുപ്പ് ആസ്ഥാന ഓഫീസിൽ ക്ലർക്കായ ശ്രീമതി. സെർലിയ.വി 10.01.2022 മുതൽ 08.07.2022 വരെ 180 ദിവസം പ്രസവാവധിയിലും 09.07.2022 മുതൽ 06.09.2022 വരെ പ്രസവാവധിക്ക് തുടർച്ചയായിട്ടുള്ള ശൂന്യവേതനാവധിയിലും പ്രവേശിച്ചിട്ടുള്ളതാണ്. ശ്രീമതി. സെർലിയ.വി-ക്ക്, ടിയാരിയുടെ കുഞ്ഞിന്റെ പരിപാലനത്തിനായി, 07.09.2022 മുതൽ 07.03.2023 വരെ ശൂന്യവേതനാവധി അനുവദിക്കുന്നതിനായി സമർപ്പിച്ച അപേക്ഷ പരാമർശം 1 കത്ത് പ്രകാരം തദ്ദേശസ്വയംഭരണ (നഗരകാര്യം) ഡയറക്ടർ ശുപാർശ ചെയ്തു ലഭ്യമാക്കിയിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തദ്ദേശസ്വയംഭരണ (നഗരകാര്യം)വകുപ്പ് ആസ്ഥാന ഓഫീസിൽ ക്ലർക്കായ ശ്രീമതി. സെർലിയ.വി-യ്ക്ക്, പ്രസവാവധിക്ക് തുടർച്ചയായി 09.07.2022 മുതൽ 06.09.2022 വരെയുള്ള 60 ദിവസം, കെ.എസ്.ആർ. ഭാഗം 1 ചട്ടം 102-ന് ചുവടേയുള്ള പ്രൊവിസോയുടെ ആനുകൂല്യം നൽകി, ടി കാലയളവ് ആർജ്ജിതാവധിക്ക് പരിഗണിക്കുകയില്ലായെന്ന വ്യവസ്ഥയിലും, 07.09.2022 മുതൽ 07.03.2023 വരെ ടി കാലയളവ് ഇൻക്രിമെന്റ്, ഹയർ ഗ്രേഡ്, പെൻഷൻ, ആർജ്ജിതാവധി എന്നിവയ്ക്ക് പരിഗണിക്കുകയില്ലായെന്ന വ്യവസ്ഥയിലും കെ.എസ്.ആർ. ഭാഗം 1 ചട്ടം 88(ii)ൽ ഇളവ് വരുത്തി ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ANJALY DEVI A G

അണ്ടർ സെക്രട്ടറി

തദ്ദേശസ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടർ, തിരുവനന്തപുരം

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

തദ്ദേശസ്വയംഭരണ(നഗരകാര്യം)ഡയറക്ടർ, തിരുവനന്തപുരം.

ശ്രീമതി. സെർലിയ.വി, ക്ലാർക്ക്, തദ്ദേശസ്വയംഭരണ(നഗരകാര്യം) ഡയറക്ടറുടെ ഓഫീസ്, തിരുവനന്തപുരം. (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)

എക്സി.ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by

Sonu Jacob

Date: 20-06-2024 10:34:17

സെക്ഷൻ ഓഫീസർ